# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733370


## വാർത്താക്കുറിപ്പ്

**2023 നവംബർ 27**

---

## ഭരണഘടനാ ദിനം ആചരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഭരണഘടനാ ദിനാചരണം നടത്തി. വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഭരണഘടനയുടെ ആമുഖം വായിച്ചു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ ദുരന്തത്തിൽ മരണമടഞ്ഞ വിദ്യാർഥികളെ അനുസ്മരിച്ച് യോഗം മൗനം ആചരിച്ചു. പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, ഫിനാൻസ് ഓഫീസർ ബിജു മാത്യു തുടങ്ങിയവർ പങ്കെടുത്തു.

(പി.ആർ.ഒ/39/1395/2023)

## കേക്ക് ക്രാഫ്റ്റിംഗിൽ പരിശീലനം

മഹാത്മാ ഗാന്ധി സർവ്വകലാശാലയിലെ ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ്(ഡി.എ.എസ്.പി) കേക്ക് നിർമാണത്തിൽ വിദഗ്ധ പരിശീലനം നൽകുന്നു. ആറു ദിവസത്തെ മാസ്റ്റർ ദി ഓഫ് ആർട്ട് ഓഫ് കേക്ക് ക്രാഫ്റ്റിംഗ് പ്രോഗ്രാമിന് വിദഗ്ധ ഷെഫുമാർ നേതൃത്വം നൽകും. പ്രായപരിധിയില്ല. ഫോൺ: 8078786798, 0481-2733292.

(പി.ആർ.ഒ/39/1396/2023)

## പരീക്ഷാ തീയതി

അഫിലിയേറ്റഡ് കോളജുകളിലെ ഏഴാം സെമസ്റ്റർ ബി.എ എൽ.എൽ.ബി, ബി.ബി.എ എൽ.എൽ.ബി, ബി.കോം എൽ.എൽ.ബി പരീക്ഷകൾ ഡിസംബർ 19ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

...........................

അഫിലിയേറ്റഡ് കോളജുകളിലെ അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്(2014 മുതൽ 2016 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2013 അഡ്മിഷൻ മെഴ്സി ചാൻസ്),

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ് സൈബർ ഫോറൻസിക്(2014 മുതൽ 2018 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷകൾ 2024 ജനുവരി അഞ്ചിനു തുടങ്ങും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1397/2023)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

എട്ടാം സെമസ്റ്റർ ബി.ആർക്ക്(2019 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ പ്രാക്ടിക്കൽ ട്രെയിനിംഗിന് ഡിസംബർ നാലു വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഡിസംബർ അഞ്ചിനു പിഴയോടു കൂടിയും ഡിസംബർ ആറിനു സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

.......................

ഏഴും എട്ടും സെമസ്റ്റർ ബി.ആർക്ക്(2019ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ ആൻറ് ഡിസ്സെർട്ടേഷന് ഡിസംബർ നാലു വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഡിസംബർ അഞ്ചിനു പിഴയോടു കൂടിയും ആറിന് സൂപ്പർ ഫൈനോടെയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/1398/2023)

## പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബി.വോക് ഫാഷൻ ഡിസൈൻ ആൻറ് മാനേജ്മെൻറ്, ബി.വോക് ഫാഷൻ ടെക്നോളജി, ബി.വോക് ഫാഷൻ ടെക്നോളജി ആൻറ് മെർച്ചൻഡൈസിംഗ്(2021 അഡ്മിഷൻ റഗുലർ, 2018,2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ് - പുതിയ സ്കീം - ഒക്ടോബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 11 ന് ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

.....................

രണ്ടാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എം.എസ്.സി ഇൻ ബേസിക് സയൻസ് - ഫിസിക്സ് മെയിൻ(പുതിയ സ്കീം - 2021,2022 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറും സപ്ലിമെൻററിയും - ഓഗസ്റ്റ് 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ നവംബർ 30ന് പെരുമ്പാവൂർ മാർത്തോമ കോളജ് ഫോർ വുമണിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

.....................

രണ്ടാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എം.എസ്.സി ബേസിക് സയൻസ് - ഫിസിക്സ് മെയിൻ(പുതിയ സ്കീം - 2021,2022 അഡ്മിഷനുകൾ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറും സപ്ലിമെൻററിയും - ഓഗസ്റ്റർ 2023) പരീക്ഷയുടെ കോംപ്ലിമെൻററി കെമിസ്ട്രി പ്രാക്ടിക്കൽ പരീക്ഷ ഡിസംബർ ഒന്നിന് പെരുമ്പാവൂർ മാർത്തോമ കോളജ് ഫോർ വുമണിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

…………………

മൂന്നാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യുക്കേഷൻ - ലേണിംഗ് ഡിസെബിലിറ്റി ആൻറ് ഇൻറലക്ച്വൽ ഡിസെബിലിറ്റി(2022 അഡ്മിഷൻ റഗുലറും സപ്ലിമെൻററിയും - ഡിസംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഡിസംബർ നാലു മുതൽ 11 വരെ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1399/2023)

## പരീക്ഷാ ഫലം

ജൂലൈ മാസത്തിൽ നടത്തിയ പത്താം സെമസ്റ്റർ ഐ.എം.സി.എ(2018 അഡ്മിഷൻ റഗുലർ), ഡി.ഡി.എം.സി.എ(സപ്ലിമെൻററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

…………………………

സ്കൂൾ ഓഫ് എൻവയോൺമെൻറൽ സയൻസസ് ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി(എൻവയോൺമെൻറ് സയൻസ് ആൻറ് മാനേജ്മെൻറ്, എൻവയോൺമെൻറ് സയൻസ് ആൻറ് ഡിസാസ്റ്റർ മാനേജ്മെൻറ്) (20222024 ബാച്ച് റഗുലർ - ഫാക്കൽറ്റി ഓഫ് എൻവയോൺമെൻറൽ ആൻറ് അറ്റ്മോസ്ഫെറിക് സയൻസസ്, ക്രെഡിറ്റ് ആൻറ് സെമസ്റ്റർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഡിസംബർ 11 വരെ വകുപ്പ് മേധാവിയുടെ കാര്യാലയത്തിൽ നൽകാം.

(പി.ആർ.ഒ/39/1400/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**